പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3537 24/06/2013-ൽ മറുപടിക്ക്

## പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം

ചോദ്യം മറുപടി

ശ്രീ കെ.കുഞ്ഞിരാമൻ (ഉദുമ) : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കാസർഗോഡ് പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; തുക അനുവദിച്ചിട്ട് എത്ര മാസമായി; വിശദമാക്കാമോ; | (ബി) | 9/3/2012-ലെ സ.ഉ (എം.എസ്) നം.44/2012 പജപവവിവ പ്രകാരം 3.48 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി ലഭിച്ചിട്ട് 15 മാസമായി. |
| (സി) | പി.ഡബ്ല്യു.ഡി പട്ടികവർഗ്ഗ വകുപ്പിന്റെ ആവശ്യ പ്രകാരം തയ്യാറാക്കിയ നിർദ്ദേശത്തിന്, എസ്.റ്റി വകുപ്പിന്റെ അനുമതി ഇതുവരെ നൽകാത്തതാണ് പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാതെ വന്നതിന് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ടി കെട്ടിട നിർമ്മാണത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ഡി.ആർ.ഐ) ക്യൂ ബോർഡിന്റെ അംഗീകാരത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് ആയതിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി എസ്.ടി ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും ഡിസൈനിൽ ചില |

| | | | |
|---|---|---|---|
| | | | മാറ്റങ്ങൾ ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ചു വരുന്നുണ്ട്. എത്രയും വേഗം ആയത് അംഗീകരിച്ച് നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് എസ്.റ്റി. വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ; | (ഡി & ഇ) | പ്ലാനിലുള്ള മാറ്റങ്ങൾ വരുത്തി ഡി.ആർ.ഐ.ക്യു ബോർഡിന്റെ അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാവുന്നതാണ്. |
| (ഇ) | സ്ഥല പരിമിതികളാൽ ബുദ്ധിമുട്ടുന്ന പ്രസ്തുത സ്ഥാപനത്തിൽ ഹോസ്റ്റൽ കെട്ടിടം എന്ന് യാഥാർത്ഥ്യ മാക്കുവാൻ സാധിക്കും; അറിയി ക്കാമോ ? | | |

സെക്ഷൻ ഓഫീസർ